**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **17-03-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ ഇവയാണ് : 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം മേയ് 2022 ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം |

സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ജൂലൈ 2022 ഓടുകൂടി പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന് കീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി കൂടുതൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം,  കൊല്ലം, ആലപ്പുഴ, ഏറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 10 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി നിലവിൽ പ്രവർത്തിച്ചുവരുന്നു. 1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം 2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം 3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. ഡി.ടി.പി.സി സെന്റർ, ഇടുക്കി 7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം 8. കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ 9. കാഞ്ഞിരംപുഴ ഡാം, പാലക്കാട് 10. ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. 1. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ 2. കുളപ്പുള്ളി ബസ് സ്റ്റാന്റ്, ഷോർണ്ണൂർ മുനിസിപ്പാലിറ്റി 3. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് 4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം 5. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ 6. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട് ഇവയിൽ ആദ്യത്തെ അഞ്ച് ഇടത്തും ചാർജിംഗ് മെഷീന്റെ സ്ഥാപനം പൂർത്തിയായിട്ടുണ്ട്. KSEBL ഗ്രിഡിൽ നിന്നുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുന്നതാണ്. ചിറ്റൂർ മുനിസിപ്പൽ ഓഫീസ്

| | | | |
|---|---|---|---|
| | | | പരിസരത്ത് സ്ഥാപിക്കുന്ന സ്റ്റേഷനുള്ള ചാർജിംഗ് മെഷീൻ സ്ഥലത്ത് എത്തിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിന് 20 മിനിട്ട് മുതൽ 45 മിനിട്ട് വരെ സമയം ആവശ്യമായതിനാൽ ഈ സമയത്ത് വിശ്രമിക്കാനുള്ള സ്ഥലം, വാഷ് റൂം സൗകര്യം, റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഉണ്ടായിരിക്കണം. ദേശീയപാത, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം ഈ സൗകര്യങ്ങളുള്ള കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1,000 ചതുരശ്ര അടി) സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള സ്ഥലം 10 വർഷത്തേക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽ മുടക്കിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ അനെർട്ടിന് ഉള്ളത്. ഹോട്ടലുകൾ, മാളുകൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആലപ്പുഴ (ഒന്ന്). പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്)എന്നിവിടങ്ങളിലായി 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |
| (ബി) | നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (ബി) | കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ പ്രവർത്തിക്കുന്നു. പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ ഇവയാണ് : 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു |

വരികയാണ്. ഈ സ്റ്റേഷനുകളുടെ നിർമ്മാണം മേയ് 2022 ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ല കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09.10.2021 ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1140 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി ഉടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ജൂലൈ 2022 ഓടുകൂടി പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന് കീഴിലുള്ള അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനായി കൂടുതൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുസ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 10 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി നിലവിൽ പ്രവർത്തിച്ചുവരുന്നു. 1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം 2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം 3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. ഡി.ടി.പി.സി സെന്റർ, ഇടുക്കി 7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം 8. കില ക്യാമ്പസ്, മുളങ്കുന്നത്തു കാവ്, തൃശൂർ 9. കാഞ്ഞിരംപുഴ ഡാം, പാലക്കാട് 10. ഡി.ടി.പി.സി വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി താഴെ പറയുന്ന സ്ഥലങ്ങളിൽ 6 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. 1. കെ.ടി.ഡി.സി

| | | | |
|---|---|---|---|
| | | | അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ 2. കുളപ്പുള്ളി ബസ് സ്റ്റാന്റ്, ഷോർണ്ണൂർ മുനിസിപ്പാലിറ്റി 3. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് 4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം 5. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ 6. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട് ഇവയിൽ ആദ്യത്തെ അഞ്ച് ഇടത്തും ചാർജിംഗ് മെഷീന്റെ സ്ഥാപനം പൂർത്തിയായിട്ടുണ്ട്. KSEBL ഗ്രിഡിൽ നിന്നുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുന്നതാണ്. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരത്ത് സ്ഥാപിക്കുന്ന സ്റ്റേഷനുള്ള ചാർജിംഗ് മെഷീൻ സ്ഥലത്ത് എത്തിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു ഇലക്ട്രിക് കാർ ചാർജ് ചെയ്യുന്നതിന് 20 മിനിട്ട് മുതൽ 45 മിനിട്ട് വരെ സമയം ആവശ്യമായതിനാൽ ഈ സമയത്ത് വിശ്രമിക്കാനുള്ള സ്ഥലം, വാഷ് റൂം സൗകര്യം, റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഉണ്ടായിരിക്കണം. ദേശീയപാത, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം ഈ സൗകര്യങ്ങളുള്ള കുറഞ്ഞത് രണ്ടര സെന്റ് (ഏകദേശം 1,000 ചതുരശ്ര അടി) സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള സ്ഥലം 10 വർഷത്തേക്ക് ലീസിന് ലഭ്യമാക്കിയാൽ അനെർട്ടിന്റെ മുതൽ മുടക്കിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്തിനുള്ള പദ്ധതിയാണ് നിലവിൽ അനെർട്ടിന് ഉള്ളത്. ഹോട്ടലുകൾ, മാളുകൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആലപ്പുഴ (ഒന്ന്). പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്)എന്നിവിടങ്ങളിലായി 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് ചാർജിംഗ് മെഷീന്റെ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |
| (സി) | നിർമ്മാണം നടന്നുവരുന്ന വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത് ഏതെല്ലാം വകുപ്പുകളുടെ ഭൂമിയിലാണെന്ന് അറിയിക്കാമോ; | (സി) | കെ.എസ്.ഇ.ബി.എൽ. നിർമ്മാണ പ്രവർത്തനം നടത്തി വരുന്ന വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾ എല്ലാം കെ.എസ്.ഇ.ബി.എൽ.ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അനെർട്ട് മുഖേന നിർമ്മാണം |

| | | | |
|---|---|---|---|
| | | | നടന്നുവരുന്ന വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റും, സ്ഥല ഉടമകളായ വകുപ്പുകളുടെ വിവരവും താഴെ നൽകുന്നു. 1. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ - വിനോദ സഞ്ചാര വകുപ്പ്. 2. കുളപ്പുള്ളി ബസ് സ്റ്റാന്റ് , ഷോർണ്ണൂർ മുനിസിപ്പാലിറ്റി - തദ്ദേശ സ്വയംഭരണ വകുപ്പ്. 3. ചിറ്റൂർ മുനിസിപ്പൽ ഓഫീസ് പരിസരം, പാലക്കാട് - തദ്ദേശ സ്വയംഭരണ വകുപ്പ്. 4. കെ.ടി.ഡി.സി അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് - വിനോദ സഞ്ചാര വകുപ്പ്. 5. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം – തദ്ദേശ സ്വയംഭരണ വകുപ്പ്. 6. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ - വിനോദ സഞ്ചാര വകുപ്പ്. |
| (ഡി) | സ്ഥല സൗകര്യങ്ങൾ കണക്കിലെടുത്ത് വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെ ഭൂമിയിലും സാധ്യതയ്ക്ക് അനുസൃതമായ നിലയിൽ വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളും ചാർജ്ജിംഗ് പോയിന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സ്ഥല സൗകര്യങ്ങൾ കണക്കിലെടുത്ത് വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെ ഭൂമിയിലും സാധ്യതയ്ക്ക് അനുസൃതമായ നിലയിൽ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ ചാർജിംഗ് പോയിന്റുകളും നിർമ്മിക്കുന്നതിനുള്ള പുതിയ പദ്ധതിയുടെ സാദ്ധ്യത കെ.എസ്.ഇ.ബി.എൽ-ഉം അനെർട്ടും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ